1. R.N. 44588/85 Reg. No. KL/TV (N)34/2021-23
2. Licence No. for posting without pre payment - KL/TV(N)/WPP/165/2021-23

PSC BULLETIN
Fortnightly

Rupees 10
April 1, 2022

സമകാലികം

ഷാനവാസ് എസ്

കേരള അന്താരാഷ്ട്ര ചലച്ചിത്രമേള

- കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ മികച്ച ചിത്രത്തിനുള്ള സുവർണ്ണചകോരം നതാലി അൽവാരസ് മെസന്റ് സംവിധാനം ചെയ്ത കോസ്റ്റോറിക്കാൻ ചിത്രം 'ക്ലാര സോള'നേടി.
- ഇനേസ് ബാരിയോ യൂയെവോ (കമീല കംസ് ഔട്ട് ടുനൈറ്റ്) മികച്ച സംവിധാനം (രജതചകോരം)
- നതാലി അൽവാരസ് മെസന്റ് മികച്ച നവാഗത സംവിധാനം
- കുഴങ്കൽ (വിനോദ് രാജ്) പേക്ഷകപ്രീതി, മികച്ച ഏഷ്യൻ ചിത്രം, രാജ്യാന്ത മത്സരവിഭാഗത്തിൽ ജൂറി പുരസ്കാരം
- യു റിസമ്പിൾ മി (ദീന അമർ)- മികച്ച ഏഷ്യൻ ചിത്രത്തിനുള്ള ഫിപ്രസി രാജ്യാന്തര പുരസ്കാരം
- ആവാസ വ്യൂഹം (കൃഷന്ത്) - മികച്ച ഏഷ്യൻ ചിത്രത്തിനുള്ള ഫിപ്രസി രാജ്യാന്തര പുരസ്കാരം (മലയാളം), മികച്ച മലയാള ചിത്രത്തിനുള്ള നാറ്റ്പാക് പുരസ്കാരം

ഇനേസ് ബാരിയോ യൂയെവോ



നതാലി അൽവാരസ് മെസന്റ്

- സംസ്ഥാന സർക്കാരിന്റെ 2022-23 ബജറ്റ് പ്രകാരം സംസ്ഥാന മെഡിക്കൽ ടെക് ഇന്നോവേഷൻ പാർക്ക് തിരുവനന്തപുരത്ത് നിലവിൽ വരും.
- 2021-ലെ ഇടശ്ശേരി പുരസ്കാരത്തിന് കെ വി ശരത്ചന്ദ്രൻ (വിതക്കുന്നവന്റെ ഉപമ), രാജ്മോഹൻ നീലേശ്വരം (ജീവിതം തുന്നുമ്പോൾ), എമിൽ മാധവി (കുമുരു: ഒരു കള്ളന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ) എന്നിവർ അർഹരായി.
- 2022 ജർമൻ ഓപ്പൺ സൂപ്പർ 300 ബാഡ്മിന്റൺ ചാംപ്യൻഷിപ്, ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ ചാംപ്യൻഷിപ് എന്നിവയിൽ ഇന്ത്യയുടെ ലക്ഷ്യ സെന്നിന് വെള്ളി മെഡൽ.
- യു.എസ് ആസ്ഥാനമായുള്ള ആഗോള ചരക്കുഗതാഗത കമ്പനി 'ഫെഡെക്സി'ന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും പ്രസിഡന്റുമായി തിരുവനന്തപുരം സ്വദേശി രാജേഷ് സുബ്രഹ്മണ്യം നിയമിതനായി.
- ഇന്ത്യയിൽ 12-14 പ്രായക്കാർക്ക് നൽകുന്ന കോവിഡ് പ്രതിരോധ വാക്സിനാണ് കോർബൈവാക്സ്.
- പഞ്ചാബിലെ ലുധിയാനയിലുള്ള സോളാർ ട്രീക്ക് ലോകത്തിലെ ഏറ്റവും വലിപ്പമേറിയ സോളാർ പാനലിനുള്ള ഗിന്നസ് റെക്കോർഡ്.
- ഒരു നക്ഷത്രം പിറവിയെടുക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ പൂർണ്ണമായും ചിത്രീകരിച്ച ടെലസ്കോപ്പാണ് ഹബ്ബിൾ ടെലസ്കോപ്പ്.
- ഇന്ത്യൻ വംശജയായ ഷെഫാലി റസ്ദാൻ ദുഗ്ഗൽ നെതർലാൻഡ്സിലെ യു എസ് അമ്പാസിഡറായി നിയമിതയാകും.
- ആം ആദ്മി പാർട്ടി നേതാവ് ഭഗവത് മൻ പഞ്ചാബിന്റെ പുതിയ മുഖ്യമന്ത്രിയായി അധികാരമേറ്റു.
- 2021ലെ ലോകസുന്ദരിപ്പട്ടം പോളണ്ടുകാരിയായ കരോലിന ബെയ്‌ലാവസ്കിക്ക്. ഇന്ത്യൻ വംശജയായ അമേരിക്കക്കാരി ശ്രീ സെയ്നി ഫസ്റ്റ് റണ്ണറപ്പും ഐവറികോസ്റ്റിന്റെ ഒലിവിയ യാസ് സെക്കന്റ് റണ്ണറപ്പുമായി.
- എയർ ഇന്ത്യയുടെ പുതിയ ചെയർമാനായി നടരാജൻ ചന്ദ്രശേഖരൻ നിയമിതനായി.
- വനിതാ ഏകദിന ക്രിക്കറ്റിൽ 250 വിക്കറ്റുകൾ നേടുന്ന ആദ്യ താരമായി ഇന്ത്യയുടെ ജൂലൻ ഗോസ്വാമി.
- 36-ാമത് അന്താരാഷ്ട്ര ജിയോളജിക്കൽ കോൺഗ്രസ് മാർച്ച് 20 മുതൽ 22 വരെ വിർച്വൽ ആയി നടന്നു. ഇന്ത്യയാണ് ആതിഥ്യമരുളിയത്.

ബാഫ്റ്റ അവാർഡ് 2022

ജെയിൻ ക്യാമ്പ്യൻ

- മികച്ച ചിത്രം ദ പവർ ഓഫ് ദ ഡോഗ്
- മികച്ച സംവിധാനം ജെയിൻ ക്യാമ്പ്യൻ (ദ പവർ ഓഫ് ദ ഡോഗ്)
- മികച്ച നടൻ വിൽ സ്മിത്ത് (കിംഗ് റിച്ചാർഡ്)
- മികച്ച നടി ജോവന്നസ് കാൻലാൻ (ആഫ്റ്റർ ലവ്)
- മികച്ച വിദേശ ചിത്രം - ഡ്രൈവ് മൈ കാർ (ജപ്പാൻ)
- മികച്ച ആനിമേറ്റഡ് ചിത്രം- എൽസാൻറൊ
- മികച്ച സഹനടൻ - ട്രോയ് കോട്സർ (കോഡ)

വിൽ സ്മിത്ത്

ജോവന്നസ് കാൻലാൻ

- സാറ ജോസഫിന്റെ 'ബുധിനി' എന്ന നോവലിന് പ്രഥമ വിമൺ റൈറ്റേഴ്സ് പ്രൈസ്.
- ഇറാൻ വിജയകരമായി വിക്ഷേപിച്ച സൈനിക ഉപഗ്രഹമാണ് 'നൂർ 2'.
- ഇന്ത്യയിലെ ആദ്യ അന്താരാഷ്ട്ര പീസ് സെന്റർ ഹരിയാനയിലെ ഗുരുഗ്രാമിൽ നിലവിൽ വരും.
- അന്താരാഷ്ട്ര ചെസ്സ് ഫെഡറേഷന്റെ 44 -ാമത് ചെസ്സ് ഒളിംപിയാഡിന് ചെന്നൈ വേദിയാകും.
- കേരളത്തിലെ ആദ്യ വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തിയ ഡോക്ടർ റോയ് ചാലി (85) അന്തരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് യൂറോളജിവിഭാഗം സ്ഥാപകമേധാവിയാണ്.
- ചൈനയിലെ ഇന്ത്യൻ സ്ഥാനപതിയായി പ്രദീപ്കുമാർ റാവത്ത് ചുമതലയേറ്റു. .
- 2021ലെ തകഴി സാഹിത്യപുരസ്കാരത്തിന് ഡോ. എം. ലീലാവതി അർഹയായി.
- ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളിലെ നേട്ടങ്ങൾക്ക് സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിന്റെ പുരസ്കാരം.കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ക്ഷയരോഗമുക്ത നിലവാരം വിലയിരുത്താനുള്ള സബ് നാഷണൽ സർട്ടിഫിക്കേഷന്റെ ഭാഗമായി ഏർപ്പെടുത്തിയ പുരസ്കാരത്തിൽ സിൽവർ കാറ്റഗറിയിലാണ് കേരളത്തിന് പുരസ്കാരം.സംസ്ഥാനങ്ങളുടെ പട്ടികയിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം നേടുന്ന ഏകസംസ്ഥാനമാണ് കേരളം.
- 'ലോക ഒന്നാം നമ്പർ ടെന്നീസ് താരം ആഷ്‌ലി ബാർട്ടി വിരമിച്ചു. 25-ാം വയസിലാണ് താരം വിരമിക്കൽ പ്രഖ്യാപിച്ചത്.
- മുതിർന്ന കോൺഗ്രസ് നേതാവും എം. എൽ.എ യും എം.പിയുമായിരുന്ന തലേക്കുന്നിൽ ബഷീർ അന്തരിച്ചു.
- കുടുംബശ്രീ ദേശീയ നഗര ഉപജീവന മിഷൻ സ്പാർക് റാങ്കിങ്ങിൽ കേരളത്തിന് ഒന്നാം സ്ഥാനം.
- സ്വിസ് ഓപ്പൺ വനിതാ ബാഡ്മിന്റൺ കിരീടം ഇന്ത്യൻ താരം പി.വി.സിന്ധുവിന്. ഫൈനലിൽ തായ്‌ലൻഡ് താരം ബുസനൻ ഓങ്ബാംറുങ്ഫാമിനെ തോൽപിച്ചാണ് കിരീടം നേടിയത്. പുരുഷ വിഭാഗത്തിൽ മലയാളി താരം എച്ച്.എസ് പ്രാണോയി വെള്ളിമെഡൽ നേടി.

- ഖത്തറിൽ നടക്കുന്ന ഫിഫ ഫുട്ബാൾ ലോക കപ്പിന്റെ ഔദ്യോഗിക സ്പോൺസറായി ബൈജൂസ്. ലോക കപ്പിൽ സ്പോൺസറാകുന്ന ആദ്യ ഇന്ത്യൻ കമ്പനി എന്ന നേട്ടവും വിദ്യാഭ്യാസ സാങ്കേതികവിദ്യ സ്ഥാപനമായ ബൈജൂസ് സ്വന്തമാക്കി .
- ടെസ്റ്റ് ക്രിക്കറ്റിൽ ഏറ്റവും വേഗത്തിൽ 8000 റൺസ് തികക്കുന്ന് കളിക്കാരനായി ഓസ്ട്രേലിയയുടെ സ്റ്റീവൻ സ്മിത്ത്. ശ്രീലങ്കൻ താരം കുമാർ സംഗക്കാരയുടെ റെക്കോർഡാണ് മറികടന്നത്.
- സമൂഹത്തിൽ മാറ്റമുണ്ടാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് നീതി ആയോഗ് സ്ത്രീകൾക്ക് നൽകുന്ന പുരസ്കാരത്തിന് കേരളത്തിൽ നിന്നും അഞ്ചു ബിസ്റ്റ്, ആർദ്ര ചന്ദ്രമൗലി എന്നിവർ അർഹരായി.
- 2021 ലെ മികച്ച ഇന്ത്യൻ വനിതാ കായിക താരത്തിനുള്ള ബി.ബി.സി ഇന്ത്യൻ വനിതാ സ്പോർട്സ് പുരസ്കാരം മീരാഭായ് ചാനുവിന്. ക്രിക്കറ്റർ ഷഫാലി വർമയാണ് മികച്ച യുവ വാഗ്ദാനം.കർണം മല്ലേശ്വരിക്ക് ആജീവനാന്ത കായിക പുരസ്കാരവും ലഭിച്ചു.
- വിഖ്യാത വിവർത്തകനും കേന്ദ്ര-കേരള സാഹിത്യ അക്കാഡമികളുടെ പുരസ്കാര ജേതാവുമായ പ്രൊഫ. പി. മാധവൻ പിള്ള (81) അന്തരിച്ചു. •

ഓസ്കർ ബിറ്റ്സ്

94-ാമത് ഓസ്കറിൽ മുഴങ്ങിക്കേട്ടത് കേൾക്കാത്തവരുടെ ശബ്ദം. കേൾവിശക്തി ഇല്ലാത്ത ഒരു കുടുംബത്തിന്റെ ഹൃദയസ്പർശിയായ ജീവിതം അനാവരണം ചെയ്ത 'കോഡ്' (ചൈൽഡ് ഓഫ് ഡെഫ് അഡൽറ്റ്സ്) മികച്ച ചിത്രം.

ടെന്നീസ് താരങ്ങളായ വീനസ് വില്യംസിന്റെയും സെറീന വില്യംസിന്റെയും അച്ഛൻ റിച്ചാർഡ് വില്യംസിന്റെ ജീവിതം പ്രമേയമാക്കിയ 'കിങ് റിച്ചാർഡി'ലെ അഭിനയത്തിന് വിൽ സ്മിത്ത് മികച്ച നടനുള്ള പുരസ്കാരം നേടി.

'ദി ഐസ് ഓഫ് ടാമി ഫെയ്' എന്ന ചിത്രത്തിലൂടെ ജെസ്സിക്ക ചസ്റ്റെയ്ൻ മികച്ച നടിയായി.

തുടർച്ചയായി രണ്ടാം തവണയും സംവിധാന പുരസ്കാരം വനിതയ്ക്ക്. 'ദ പവർ ഓഫ് ദ ഡോഗ്' എന്ന ചിത്രത്തിന്റെ സംവിധാനത്തിലൂടെ ജെയിൻ ക്യാമ്പ്യൻ ആണ് മികച്ച സംവിധായിക. ഓസ്കറിൽ സംവിധാന പുരസ്കാരം നേടുന്ന മൂന്നാമത്തെ വനിതയാണ് ജെയിൻ.



Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram, Kerala, PIN- 695 004. Editor Saju George.

1. R.N. 44588/85 Reg. No. KL/TV (N)34/2021-23
2. Licence No. for posting without pre payment - KL/TV(N)/WPP/165/2021-23

PSC BULLETIN
Fortnightly

Rupees 10
April 15, 2022

സമകാലികം

ഷാനവാസ് എസ്

- സാഫ് അണ്ടർ 18 വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ജേതാക്കളായി.
- ദേശീയ ന്യൂനപക്ഷ കമ്മീഷൻ ചെയർപേഴ്സണായി സയ്യദ് ഷഹ്സാദി ചുമതലയേറ്റു.
- സമുദ്രയാൻ പദ്ധതിയുടെ ഭാഗമായി മത്സ്യ 6000 എന്ന ജലവാഹനം ആദ്യഘട്ട

പരീക്ഷണം വിജയകരമായി പൂർത്തിയാക്കി.

- തിരുവനന്തപുരം ജില്ലയ്ക്ക് കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ മൂന്നാമത് ദേശീയ ജലശക്തി പുരസ്കാരത്തിൽ ദക്ഷിണേന്ത്യൻ ജില്ലകളിൽ നിന്ന് ഒന്നാം സ്ഥാനം.
- ഡോ.വി.പി. ജോസഫിന് ഇന്ത്യൻ മെറ്റീരിയോളജിക്കൽ സൊസൈറ്റിയുടെ സർ ഗിൽബെർട് വാൾക്കർ സ്വർണ മെഡൽ.
- 2022 ൽ ഖത്തറിൽ നടക്കുന്ന ഫിഫ വേൾഡ് കപ്പ് ഫുട്ബോളിൽ ഉപയോഗിക്കുന്ന ഔദ്യോഗിക പന്ത് ആണ് 'അൽ റിഹ്ല'.
- നാറ്റോ സൈനിക സഖ്യത്തിന്റെ സെക്രട്ടറി ജനറൽ ആയി ജെൻസ് സ്റ്റോൾട്ടൻബെർഗ് പുനർനിയമിതനായി.
- കൊല്ലം ജില്ലാപഞ്ചായത്തിന് ആരോഗ്യമേഖലയിലെ മികച്ചപ്രവർത്തനത്തിന് സംസ്ഥാന ആർദ്ര കേരള പുരസ്കാരം.
- ഫോർമുല വൺ സൗദി അറേബ്യൻ ഗ്രാന്റ് പ്രിക്സിൽ മാക്സ് വേർസ്റ്റപ്പൻ ജേതാവായി.
- ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ജനറലായി എസ്. രാജു നിയമിതനായി.
- ബാഡ്മിന്റൺ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റായി ഹിമാൻറ ബിശ്വ ശർമ്മ പുനർനിയമിതനായി.
- രണ്ടാമത് ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിന്റെ ഭാഗ്യചിഹ്നമാണ് വീര.
- ലഫ്.ജനറൽ മനോജ് പാണ്ഡെ ഇന്ത്യൻ

കരസേനാ മേധാവിയായി ചുമതലയേൽക്കും.

- 2022 വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇംഗ്ലണ്ടിനെ തോല്പിച്ച് ഓസ്ട്രേലിയ ജേതാക്കളായി.
- കേരളത്തിൽ ബസ് ചാർജ് വർധനവിന് ശുപാർശ ചെയ്ത കമ്മിറ്റിയാണ് ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ.
- മിസൈൽ സംവിധാനമായ സോളിഡ് ഫ്യൂവൽ ഡക്റ്റഡ് റാം ജെറ്റ് (എസ് എഫ് ഡി ആർ) ഇന്ത്യ വിജയകരമായി പരീക്ഷിച്ചു. ഹൈദരാബാദിലെ ഡിഫെൻസ് റിസർച്ച് ഡിവലപ്മെന്റ് ലാബോറട്ടറിയാണ് മിസൈൽ വികസിപ്പിച്ചത്.
- ബാല സാഹിതീ പ്രകാശൻ ഏർപ്പെടുത്തിയ 2022 ലെ കുഞ്ഞുണ്ണി പുരസ്കാരത്തിന് മജീഷ്യൻ ഗോപിനാഥ് മുതുകാട് അർഹനായി.
- പിനാക റോക്കറ്റ് സംവിധാനത്തിന്റെ പരിഷ്കരിച്ച പതിപ്പ് പിനാക എം കെ1 ഇ

ന്ത്യ വിജയകരമായി പരീക്ഷിച്ചു.

- 2022ലെ വനിതാ ലോകകപ്പ് ക്രിക്കറ്റ് ഫൈനൽ മത്സരത്തിൽ ഇന്ത്യക്കാരിയായ ജി. എസ് ലക്ഷ്മി മാച്ച് റഫറിയായി.
- നാടക - ചലച്ചിത്ര നടനും സംവിധായകനുമായ കൈനകരി തങ്കരാജ് (76) അന്തരിച്ചു.
- ഹങ്കറിയുടെ പ്രധാനമന്ത്രിയായി വിക്ടർ ഓർബാൻ നാലാം തവണയും തിരഞ്ഞെടുക്കപ്പെട്ടു.
- മിയാമി ഓപ്പൺ ടെന്നീസ് കിരീടം നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമായി സ്പാനിഷ് താരം കാർലോസ് അൽകാരസ്.
- സംസ്ഥാന വനിതാ കമീഷൻ മുൻ അധ്യ



ക്ഷ എം സി ജോസൈഫൈൻ (74) അന്തരിച്ചു.

- രാഷ്ട്രപതിയുടെ മികച്ച സംസ്കൃത അദ്ധ്യാപക മുൻ പുരസ്കാര ജേതാവും എഴുത്തുകാരനുമായ ഡോ. മാവേലിക്കര അച്യുതൻ (96) അന്തരിച്ചു.
- ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ടാങ്ക്

ഗൈഡഡ് മിസൈൽ (എ.ടി.ജി.എം) 'ഹെലീന' വിജയകരമായി പരീക്ഷിച്ചു.

- മികച്ച ജില്ലാപഞ്ചായത്തിനുള്ള പഞ്ചായത്തിരാജ് മന്ത്രാലയത്തിന്റെ ദീൻദയാൽ ഉപാധ്യായ പുരസ്കാരം തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്. ബ്ലോക്ക് പഞ്ചായത്ത് വിഭാഗത്തിൽ കൊല്ലം മുഖത്തലയും കോട്ടയം ളാലം പഞ്ചായത്തും ഗ്രാമപഞ്ചായത്ത് വിഭാഗത്തിൽ തൃശൂർ അളഗപ്പനഗർ,കൊല്ലം ശാസ്താംകോട്ട, കണ്ണൂർ പാപ്പിനിശ്ശേരി പഞ്ചായത്തുകളും പുരസ്കാരം നേടി.
- നീതി അയോഗിന്റെ ഊർജ - പാരിസ്ഥിതിക സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം. വൈദ്യുത വിതരണ മേഖലയിലെ കാര്യക്ഷമതയും പാരിസ്ഥിത സൗഹൃദ നടപടികളുമാണ് പുരസ്കാരത്തിനർഹമാക്കിയത്. •

64 -ാമത് ഗ്രാമി പുരസ്കാരം

- ബെസ്റ്റ് ന്യൂ ഏജ് ആൽബം - ഡിവൈൻ ടൈഡ്സ്
- ബെസ്റ്റ് ചിൽഡ്രൻസ് മ്യൂസിക് ആൽബം - എ കളർഫുൾ വേൾഡ് (ഫാൽഗുനി ഷാ)
- ഗ്രാമി പുരസ്കാരം ലഭിച്ച ആദ്യ പാകിസ്ഥാൻ വനിത - അറൂജ് അഫ്താബ് (ആൽബം - മൊഹബ്ബത്)

- സോങ് ഓഫ് ദി ഇയർ - ലീവ് ദി ഡോർ ഓപ്പൺ (സിൽക്ക് സോണിക്)
- റെക്കോർഡ് ഓഫ് ദി ഇയർ - ലീവ് ദി ഡോർ ഓപ്പൺ (സിൽക്ക് സോണിക്)
- ആൽബം ഓഫ് ദി ഇയർ - വീ ആർ (ജോൺ ബാറ്റിസ്റ്റ്)
- ബെസ്റ്റ് ന്യൂ ആർട്ടിസ്റ്റ് - ഒലിവിയ റോഡ്രിഗോ

ഒലിവിയ റോഡ്രിഗോ

അറൂജ് അഫ്താബ്



വജ്രജൂബിലി വിശേഷാൽ പതിപ്പ്

ഇപ്പോൾ
ഓൺലൈനായും വാങ്ങാം

ഓൺലൈൻ ആയി പണമടക്കുന്നവർക്ക് തപാൽ മാർഗം എത്തിച്ചു നൽകുന്നതാണ്. വില ₹250 പ്രാഴ്സൽ ചാർജ് ഉൾപ്പെടെ)

link: www.pscbulletin.kerala.gov.in
or
Visit your One Time Registration Profile

ഇന്ത്യ



- 25,000 ത്തോളം വസ്തുതകൾ
- 2800 മൾട്ടി ചോയിസ് ചോദ്യങ്ങൾ
- ആയിരത്തിലധികം കൺഫ്യൂസിങ് ഫാക്ട്സ്

Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram, Kerala, PIN-695 004. Editor Saju George.